# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2239** **18-03-2015-ലെ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ടി. വി. രാജേഷ് : | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ അസുഖങ്ങൾക്കാണ് ധനസഹായം നൽകുന്നത്; പുതുതായി ഏതെങ്കിലും അസുഖത്തെ ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; | എ) | ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ എന്നീ രോഗങ്ങളുടെ ചികിത്സ, കരൾ, തലച്ചോർ, ഹൃദയം എന്നിവയുടെ സർജറി ഉൾപ്പെടെയുള്ള ചികിത്സ, സാന്ത്വന ചികിത്സ എന്നിവയായിരുന്നു ആദ്യഘട്ടത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇപ്പോൾ മാരകമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്ന നാഡി എന്നിവയ്ക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾ എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ രോഗങ്ങളെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പാക്കേജ് പരിഷ്കരിക്കുന്നതിനായി ഒരു വിദഗ്ദസമിതി രൂപീകരിക്കുന്നതിന് ആരോഗ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) | കണ്ണൂർ ജില്ലയിൽ കാരുണ്യ ചികിത്സാ സഹായം ലഭ്യമായ ആശുപത്രികൾ ഏതൊക്കെയാണ്; | ബി) | കണ്ണൂർ ജില്ലയിൽ നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും, കണ്ണൂർ മെഡിക്കൽ കോളേജ്, തലശ്ശേരി സഹകരണ ആശുപത്രി, കണ്ണൂർ സഹകരണ ആശുപത്രി, കൊയിലി ഹോസ്പിറ്റൽ എന്നീ 4 സ്വകാര്യ ആശുപത്രികളിലും ചികിത്സാ സഹായം ലഭ്യമാണ്. |
| സി) | ഒരു കുടുംബത്തിന് പരമാവധി ചികിത്സാ ധനസഹായം 2 ലക്ഷമെന്നത് വർദ്ധിപ്പിക്കാൻ നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കാമോ; | സി) | ഒരു കുടുംബത്തിന് പരമാവധി 2 ലക്ഷം രൂപയാണ് ഒറ്റ തവണയായോ, തവണകളായോ ചികിത്സ സഹായമായി അനുവദിക്കുന്നത്. ഹീമോഫീലിയ രോഗികൾക്ക് ഈ വ്യവസ്ഥയിൽ ഇളവു നൽകി ഓരോ രോഗിക്കും 2 ലക്ഷം രൂപാ |

| | | | |
|---|---|---|---|
| | | | വീതം ചികിത്സാ സഹായം അനുവദിക്കുന്നുണ്ട്. ഹീമോഫീലിയ രോഗികൾക്ക് അനുവദിച്ചിട്ടുള്ള 2 ലക്ഷം രൂപയുടെ പരിധി കഴിഞ്ഞ് തുടർ ചികിത്സയ്ക്കായി 1 ലക്ഷം രൂപാ കൂടി അനുവദിക്കുന്നുണ്ട്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഹീമോഫീലിയ രോഗികൾക്കും 3 ലക്ഷം രൂപവരെ കുടുംബ വരുമാനമുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കും, പരിധിയില്ലാതെ ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മറ്റ് രോഗങ്ങൾക്ക് ചികിത്സാ ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) | കാരുണ്യ സ്കീമിൽ ഉൾപ്പെടുത്തി പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡി) | പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനുള്ള കെട്ടിട സൗകര്യം, ആവശ്യമായ ഡോക്ടർ മറ്റ് ജീവനക്കാർ എന്നിവ ലഭ്യമാണെങ്കിൽ ഹെൽത്ത് സർവ്വീസ് ഡയറക്ടർ / ജില്ലാ മെഡിക്കൽ ഓഫീസർ വഴി കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേർക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാനതല കമ്മറ്റിയുടെ തീരുമാന പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.